# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 525

06.03.2012-ൽ മറുപടിക്ക്.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വ്യവസായ സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വ്യവസായ സംരംഭങ്ങൾ തുടങ്ങുമെന്ന പ്രഖ്യാപന പ്രകാരം എത്ര സംരംഭങ്ങൾ ഇതിനകം നടപ്പാക്കിയെന്ന് വ്യക്തമാക്കുമോ ; | (എ) കിൻഫ്ര കണ്ണൂർ ജില്ലയിലെ ഇരിണാവിൽ പ്രതിരോധ മന്ത്രാലയത്തിന്റെ കീഴിലുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡിന് അവരുടെ ഒരു അക്കാദമി സ്ഥാപിക്കുന്നതിന് കിൻഫ്രയുടെ കൈവശമുള്ള ഭൂമി കൈമാറുകയും ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ മേയ് 2011-ൽ തുടക്കം കുറിക്കുകയും ചെയ്തു.<br>KSIDC നടപ്പാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) കേരളത്തിൽ പ്രകൃതിവാതക വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുവേണ്ടി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ KSIDC-യും കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഗെയിൽ ഇന്ത്യയും ചേർന്ന് ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇപ്പോൾ ഗെയിൽ ഇന്ത്യയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും KSIDC-യും പങ്കാളികളായുള്ള കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ സംയുക്ത സംരംഭം KSRTC-ക്ക് സി.എൻ.ജി സ്റ്റേഷൻ സ്ഥാപിക്കുന്നതിനും ഗ്യാസ് അധിഷ്ഠിത ട്രെയിനിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>2) KSIDC-യും KIOCL ലിമിറ്റഡും ചേർന്ന് കോഴിക്കോട് / കാസർഗോഡ് ജില്ലയിൽ ഇരുമ്പയിര് ഖനനം ചെയ്യുന്നതിനും ഉരുക്കു നിർമ്മാണശാല സ്ഥാപിക്കുന്നതിനും വേണ്ടി 2011 സെപ്റ്റംബർ മാസത്തിൽ ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. |

3) KSIDC-യും HUDCO-യും ചേർന്ന് കേരളത്തിൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പാക്കുന്നതി നുള്ള സാദ്ധ്യതാ അവലോകനങ്ങ- -ൾക്കും ധനവിനിയോഗത്തിനും മറ്റ് അനുബന്ധ പദ്ധതികൾക്കുമായി 2011 സെപ്റ്റംബർ മാസത്തിൽ ഒരു ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്.

4) കേന്ദ്ര ഗവൺമെന്റിനു കീഴിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് & ഡവലപ്മെന്റ് ഇൻ ഡിഫൻസ് ഷിപ്പ് ബിൽഡിങ്ങ് (NIRDESH) എന്ന രാഷ്ട്രീയതലത്തിലുള്ള ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി സംസ്ഥാന സർക്കാർ കോഴിക്കോട് ബേപ്പൂരിനടത്തു ള്ള ചാലിയത്ത് 40.5 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്. യുദ്ധക്കപ്പലുകൾ, അന്തർവാഹിനികൾ തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിനുള്ള ഗവേഷണം നടത്തുന്നതിനും ഇതിലൂടെ തനതു വിദ്യകൾ വികസിപ്പിച്ച് രാജ്യത്തിന്റെ പ്രതിരോധം ശക്തിപ്പെടുത്തുകയുമാണ് ഇതു വഴി ലക്ഷ്യമിടുന്നത്.

| | |
|---|---|
| (ബി) ഇതിനുവേണ്ടി പ്രത്യേകം ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;<br>(സി) എങ്കിൽ ആക്ഷൻ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സംരംഭങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി)-യും (സി)-യും<br>ആക്ഷൻ പ്ലാൻ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ